പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2530 — 14/12/2015 ൽ മറുപടിക്ക്

## പഴയങ്ങാടി താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീ. റ്റി.വി. രാജേഷ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്: പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | സ്റ്റാഫ് നഴ്സിന്റെ (ഗ്രേഡ് I) ഒരു ഒഴിവ് നിലവിലുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഒഴിവ് നികത്തുന്നതാണ്. സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;വിശദാംശം നൽകുമോ ? | (ബി) | കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച ആറ് കോടി രൂപയുടെ പ്രോജക്ട് പൂർണ്ണമല്ലാതിരുന്നതിനാൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നൽകുന്നതിനായി കണ്ണൂർ ജില്ലാ മെഡിക്കലാഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ